പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 348 30.11.2015-ൽ മറുപടിക്ക്

കെ.എസ്.ആർ.ടി.സി. കണ്ടക്ടർ ആയ ശ്രീ. എ. സുലൈമാന്റെ പേർസണൽ സ്റ്റാഫ് നിയമനം

ചോദ്യം

ശ്രീ. എൻ. ഷംസുദ്ദീൻ :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. തിരുവനന്തപുരം സിറ്റി ഡിപ്പോയിൽ കണ്ടക്ടറായ ശ്രീ. സുലൈമാൻ എ. എന്ന് മുതൽക്കാണ് പേഴ്സണൽ സ്റ്റാഫിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കപ്പെട്ടത് ; | (എ) | ശ്രീ. എ. സുലൈമാൻ, കണ്ടക്ടർ 2005 ഏപ്രിൽ 8 മുതൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കപ്പെട്ടു. |
| (ബി) | ടിയാന്റെ ഡെപ്യൂട്ടേഷൻ കാലത്തേക്കുള്ള പെൻഷൻ കോൺട്രിബ്യൂഷൻ പൂർണ്ണമായി കെ.എസ്.ആർ. ടി.സി. യിൽ ലഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഏതൊക്കെ കാലയളവിലുള്ളതാണ് ഇനി ലഭിക്കാനുള്ളത് ; വിശദമായ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ; | (ബി) | പൂർണ്ണമായും ലഭിച്ചിട്ടില്ല. ആകെ 15 മാസങ്ങളിലെ പെൻഷൻ Contribution തുക (Dec-08, Jan-09, Feb-09, Mar-09, April-09, Jun-09, July-09, Oct-09, Nov-09, Dec-09, Mar-10, May-10, Jan-11, April-11, Dec-11) മാത്രം ലഭിച്ചിട്ടുള്ളതായാണ് രേഖകളിൽ കാണുന്നത്. ബാക്കിയുള്ള പെൻഷൻ കോൺട്രിബ്യൂഷൻ തുകയുടെ വിശദാംശങ്ങൾ അറിയിക്കുവാൻ പൊതുഭരണ വകുപ്പ് സെക്രട്ടറിക്കുള്ള 21.11.2015 തീയതിയിലെ കത്ത് പ്രകാരം ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | ഇത് സംബന്ധിച്ച് ടിയാളുടെ സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തൽ വരുത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിന് നിർദ്ദേശം നൽകുമോ? | (സി) | ഇല്ല.<br>മേൽ വിശദാംശങ്ങൾ ലഭ്യമാക്കിയ ശേഷം ആയത് സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ